# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:760 13.06.2012 - ൽ മറുപടിക്ക്

### ജലദൗർലഭ്യം നേരിടുന്ന ജില്ലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബന്നി ബഹനാൻ:<br>ശ്രീ.വി.റ്റി.ബൽറാം:<br>ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.കെ.അച്ചുതൻ: | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കുടിവെള്ളത്തിന്റെ ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമാണോ ; | (എ & ബി) | എല്ലാ ജില്ലകളിലും ചില ഭാഗങ്ങളിൽ ജല ദൗർലഭ്യം നേരിടുന്നുണ്ട്. ഇത് സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല. ഈ ജില്ലകളിൽ ശുദ്ധജലവിതരണം ഉറപ്പുവരുത്താനായി ധനലഭ്യതയ്ക്കനുസരിച്ച് വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം കൂട്ടിയും, കൃത്യമായി പമ്പുകളുടേയും വിതരണലൈനുകളുടേയും അറ്റകുറ്റപണികൾ ചെയ്തും, ഏരിയ തിരിച്ച് ജലം വിതരണം ചെയ്തും പരമാവധി സ്ഥലങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താറുണ്ട്. |
| (ബി) | എങ്കിൽ ജലദൗർലഭ്യം നേരിടുന്ന ജില്ലകൾ ഏതെല്ലാമാണ്; ഈ ജില്ലകളിൽ ശുദ്ധജല വിതരണം ഉറപ്പുവരുത്തുന്നതിന് എത്ര ത്തോളം സാധിച്ചു ; വ്യക്തമാക്കുമോ ; | | |
| സി | പ്രസ്തുത ജില്ലകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്: വിശദാംശങ്ങൾ നൽകുമോ ? | സി | 2012-13-ൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന 48 പദ്ധതികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യ മിടുന്നു. ഈ പദ്ധതി കൾ പൂർത്തീകരിക്കുമ്പോൾ ജല ദൗർലഭ്യം ഒരളവു വരെ പരിഹരിക്കാമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ